## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 749** — **05/06/2018-ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്കുകളിലെ സ്ഥിരം നിക്ഷേപങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ സഹകരണ ബാങ്കുകളിൽ 179 ദിവസത്തിലധികം കാലാവധിയുള്ള സ്ഥിരം നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 6 മാസത്തിൽ (179 ദിവസത്തിൽ) കൂടുതൽ ദൈർഘ്യമുള്ള നിക്ഷേപങ്ങൾ ഒരു വർഷക്കാലത്തേക്കോ/കേരള ബാങ്ക് രൂപീകരിക്കുന്നത് വരെയോ ഏതാണ് ആദ്യം അത് വരെ സ്വീകരിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ നഷ്ടം കുറയ്ക്കുന്നതിനായി നബാർഡ് നിർദ്ദേശ പ്രകാരം തയ്യാറാക്കിയിട്ടുള്ള മോണിറ്ററി ആക്ഷൻ പ്ലാൻ പ്രകാരമാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | മാസം പത്തിൽ കൂടുതൽ ഇടപാടുകൾ നടത്തുന്ന ഇടപാടുകാരിൽ നിന്നും സർവ്വീസ് ഫീ ഈടാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) | സഹകരണ സംഘം രജിസ്ട്രാറുടെ 2/2011 സർക്കുലർ നിർദ്ദേശത്തിന് വിധേയമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഒരു മാസം പരമാവധി പത്ത് തവണകളിൽ കൂടുതൽ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പരിധിയിൽ കൂടുതൽ പിൻവലിക്കുന്ന തുകകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എസ്.ബി.ഐ. ഇത്തരം നിലപാട് സ്വീകരിച്ചപ്പോൾ അതിനെ ശക്തിയായി എതിർക്കുകയും പകൽ കൊള്ളയാണെന്ന് സർക്കാർ അഭിപ്രായപ്പെടുകയുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ അതേ നടപടിക്ക് മുതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ജില്ലാ സഹകരണബാങ്കുകളെ തകർക്കുന്ന പ്രസ്തുത നടപടി പിൻവലിക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ? | (ഡി) | ഇത് സംബന്ധിച്ചുള്ള പരാതി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ